കേരളസർവകലാശാല
*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.256/2025** **തിരുവനന്തപുരം, തീയതി. 26.11.2025**

# പത്രക്കുറിപ്പ്

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 ഡിസംബർ 02 മുതൽ നടത്താനിരുന്ന ബാച്ച്ലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. 2025 ഡിസംബർ 20, 2026 ജനുവരി 03 എന്നീ തീയതികളിലെ പരീക്ഷകൾ കാര്യവട്ടം ക്യാമ്പസ്സിലെ സെന്റർ ഫോർ അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസിന് കീഴിലുള്ള കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തുന്നതായിരിക്കും. മറ്റ് പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സ്പേസ് ഫിസിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2025 ഡിസംബർ 04 വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സംസ്ഥാന ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് - യുജിസി/സിഎസ്ഐആർ/നെറ്റ് പരിശീലനം 2025-26

ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന യുജിസി/സിഎസ്ഐആർ/നെറ്റ് പരീക്ഷക്ക് തയ്യാറെടുക്കാനും ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള അവസരങ്ങൾ വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് കേരള സർവകലാശാല ബോട്ടണി പഠന വിഭാഗം നടത്തുന്ന ഹ്രസ്വകാല പരിശീലന കോഴ്സിന് 2026 ജൂൺ ബാച്ചിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത ലൈഫ് സയൻസ് വിഷയങ്ങളിൽ 55% മാർക്കോടെ ബിരുദാനന്തര ബിരുദം/നിലവിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ളവർ https://forms.gle/yzAMNfWceRD9UHtb6 എന്ന ലിങ്കിൽ ലഭ്യമായ ഓൺലൈൻ ഫോം വഴി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി 2025 നവംബർ 28. പൂരിപ്പിച്ച അപേക്ഷ ഫോമും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**